2025 SEPTEMBER
19
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ജിഎസ്ടി പരിഷ്കാരത്തിലൂടെ രണ്ടു ലക്ഷം കോടിയുടെ നേട്ടം: ധനമന്ത്രി

**വിശാഖപട്ടണം:** ജിഎസ്ടി പരിഷ്കാരങ്ങൾ സന്പദ് വ്യവസ്ഥയിലേക്ക് രണ്ട് ലക്ഷം കോടി രൂപയാണ് നിക്ഷേപിക്കാൻ പോകുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. ഇതോടെ നികുതിയായി മാറേണ്ടിയിരുന്ന പണം ജനങ്ങളുടെ കൈകളിൽ തന്നെയെത്തുമെന്നും മന്ത്രി പറഞ്ഞു.

12 ശതമാനം ജിഎസ്ടി സ്ലാബിനു കീഴിൽ വന്നിരുന്ന 99 ശതമാനം ഉത്പന്നങ്ങളും അഞ്ച് ശതമാനത്തിലേക്ക് എത്തിയിരിക്കുന്നു. ഈ മാസം 22ന് പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുൻപ് തന്നെ കൺസ്യൂമർ ഉൽപന്ന നിർമാണ കന്പനികൾ നിരക്കുകൾ കുറച്ച് ഉപയോക്താക്കൾക്ക് പ്രയോജനങ്ങൾ കൈമാറുന്ന തലത്തിലേക്ക് എത്തിയിട്ടുണ്ടെന്ന് അടുത്ത തലമുറ ജിസ്ടി പരിഷ്കാരങ്ങളെ സംബന്ധിച്ചുള്ള സംവാദ പരിപാടിയിൽ സംസാരിക്കവേ അവർ പറഞ്ഞു.

കഴിഞ്ഞ എട്ടു വർഷത്തിനിടെ ജിഎസ്ടി വരുമാനം കൂടിയതും നികുതിദായകരുടെ എണ്ണം വർധിപ്പിതും അവർ വീണ്ടും ചൂണ്ടിക്കാട്ടി.



അതോടൊപ്പം, യുപിഎ സർക്കാരിനെ വിമർശിച്ച നിർമലാ സീതാരാമൻ, അവരുടെ ഭരണകാലത്ത് നില നിന്നിരുന്ന നികുതി ഘടനയെ 'നികുതി ഭീകരവാദം' എന്നും വിശേഷിപ്പിച്ചു.

# യുപിഐ മുഖേന ജിഎസ്ടി പേയ്മെന്റിന് സൗകര്യമൊരുക്കി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** രാജ്യത്തെ നികുതിദായകർക്ക് ജിഎസ്ടി പേയ്മെന്റുകൾ വേഗത്തിൽ അടയ്ക്കുന്നതിനായി യുപിഐ സൗകര്യം ഏർപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്ക്. കേന്ദ്രസർക്കാരിന്റെ ജിഎസ്ടി പോർട്ടലിൽ യുപിഐ അടിസ്ഥാനത്തിലുള്ള പേയ്മെന്റ് സംവിധാനം സംയോജിപ്പിച്ചാണ് സൗത്ത് ഇന്ത്യൻ ബാങ്ക് പുതിയ സൗകര്യം അവതരിപ്പിച്ചത്. ഇനി മുതൽ, ബാങ്കിന്റെ ഉപഭോക്താക്കൾക്കു പുറമെ മുഴുവൻ ആളുകൾക്കും യുപിഐ ക്യുആർ കോഡ്, വിപിഎഐഡികൾ മുഖേന വളരെ പെട്ടെന്ന് ജിഎസ്ടി അടയ്ക്കാമെന്ന് ബാങ്ക അധികൃതർ അറിയിച്ചു. സർക്കാർ ഇടപാടുകൾ നടത്താൻ റിസർവ് ബാങ്ക് അധികാരപ്പെടുത്തിയ ഏജൻസി ബാങ്കാണ് സൗത്ത് ഇന്ത്യൻ ബാങ്ക്.

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

കൂടാതെ, പരോക്ഷ നികുതികൾ സ്വീകരിക്കുന്നതിന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിന്റെ (സിബിഐസി) അംഗീകാരവും ബാങ്കിനുണ്ട്. 2023 ഏപ്രിൽ മുതൽ എസ്ഐബിയുടെ ഇന്റർനെറ്റ് ബാങ്കിങ് പ്ലാറ്റ്ഫോമായ സൈബർനെറ്റ്, ബ്രാഞ്ച് കൗണ്ടറുകൾ എന്നിവ വഴി ബാങ്ക് ജിഎസ്ടി പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. യുപിഐ സംവിധാനം അവതരിപ്പിച്ചതോടെ വ്യാപാരികൾക്കും വ്യക്തികൾക്കും ഒരുപോലെ ജിഎസ്ടി പേയ്മെന്റ് എളുപ്പമാകും.

നികുതിദായകർക്ക് ജിഎസ്ടി പേയ്മെന്റുകൾ വേഗത്തിലും സൗകര്യപ്രദവുമായ രീതിയിലും അടയ്ക്കാൻ കഴിയുന്ന സംവിധാനമാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ഒരുക്കുന്നതെന്ന് ബാങ്കിന്റെ സീനിയർ ജനറൽ മാനേജറും ബ്രാഞ്ച് ബാങ്കിങ് മേധാവിയുമായ എസ്. എസ് ബിജി പറഞ്ഞു. വർത്തമാനകാലത്തെ ഏറ്റവും ജനപ്രിയമായ പേയ്മെന്റ് മാർഗമാണ് യുപിഐ. ബാങ്കിന്റെ ഇടപാടുകാർക്ക് പുറമെ, മുഴുവൻ ഉപഭോക്താക്കൾക്കും യുപിഐ മുഖേന ജിഎസ്ടി പേയ്മെന്റ് നടത്താം. നികുതിദായകർക്ക് എവിടെനിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ പൂർത്തീകരിക്കാമെന്നുംഎസ്. എസ് ബിജി കൂട്ടിച്ചേർത്തു.

# ആക്രമണത്തെ സംയുക്തമായി നേരിടാൻ പാക്ക്–സൗദി പ്രതിരോധ കരാർ; സൂക്ഷ്മമായി നിരീക്ഷിച്ച് ഇന്ത്യ

**ന്യൂഡൽഹി:** ഭീകര രാജ്യമായ പാക്കിസ്ഥാനും സൗദി അറേബ്യയും തമ്മിലുണ്ടാക്കിയ സൈനിക കരാർ ഇന്ത്യയുടെ ദേശീയ സുരക്ഷയ്ക്ക് ഏതെങ്കിലും വിധത്തിൽ ഭീഷണിയാകുമോയെന്ന കാര്യം പരിശോധിക്കുമെന്നു കേന്ദ്രം. ഏതെങ്കിലുമൊരു രാജ്യത്തിനു നേരെയുള്ള ആക്രമണത്തെ സംയുക്തമായി നേരിടുന്ന തന്ത്രപരമായ സൈനിക കരാറിനാണ് പാക്കിസ്ഥാനും സൗദിയും രൂപം നൽകിയത്.

ഇന്ത്യയുടെ ദേശീയ സുരക്ഷയെയും മേഖലയുടെ സുരക്ഷയെയും കരാർ ഏതെങ്കിലും വിധത്തിൽ ബാധിക്കുമോയെന്നത് സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പ്രതികരിച്ചു. ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾ ഏതുവിധേനയും സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.

പാക്കിസ്ഥാൻ പ്രധാനമന്ത്രി ഷഹബാസ് ഷെരീഫിന്റെ സൗദി സന്ദർശനത്തിനിടെ ബുധനാഴ്ചയാണ് ഇരുരാജ്യങ്ങളും കരാറിലൊപ്പിട്ടത്. ഹമാസിനെ ലക്ഷ്യമിട്ട് ഇസ്രയേൽ ഖത്തറിൽ ആക്രമണം നടത്തിയതിനു പിന്നാലെയാണു കരാർ എന്നത് ശ്രദ്ധേയമാണ്. നേരത്തെ, പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി ഇന്ത്യ പാക്കിസ്ഥാനു നേരെ ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടി കൈക്കൊണ്ടിരുന്നു.

# ഇലക്ട്രോണിക് സാങ്കേതികവിദ്യ വളർച്ച; എക്പോ സെപ്റ്റംബർ 19 വരെ

**കൊച്ചി:** ഇലക്ട്രോണിക്സ് മേഖലയിൽ ലോകരാജ്യങ്ങൾക്കിടയിൽ വ്യക്തമായൊരു സ്ഥാനം അടയാളപ്പെടുത്തിക്കൊണ്ട് മുന്നേറുകയാണ് ഇന്ത്യ. രാജ്യം കൈവരിച്ച ഇലക്ട്രോണിക് സാങ്കേതികവിദ്യ വളർച്ചകളെ അടുത്തറിയാൻ അവസരമൊരുക്കിഇലക്ട്രോണിക്ക ഇന്ത്യയും പ്രൊഡക്ട്രോണിക്ക ഇന്ത്യയും ബെംഗളൂരു ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന എക്സിബിഷൻ സെപ്റ്റംബർ 19വരെ നടക്കും. 60,000 ച.മീ. വിസ്തൃതിയിൽ സംഘടിപ്പിക്കുന്ന മേളയിൽ അൻപതിലധികം രാജ്യങ്ങളിൽ നിന്നുള്ള ആറായിരത്തിൽപരം ബ്രാൻഡുകൾ പങ്കെടുക്കും. സെമികണ്ടക്ടർ ഡിസൈൻ, എംബെഡഡ് സിസ്റ്റംസ്, ഇലക്ട്രോണിക് കമ്പോനെന്റസ്, പുത്തൻ സാങ്കേതികവിദ്യകൾ, ഇൻഡസ്ട്രി 4.0 തുടങ്ങിയ പുതുമകൾക്ക് പ്രാധാന്യം നൽകുന്ന എക്സിബിഷൻ ഇലക്ട്രോണിക്സ് മേഖലയിലെ ഇന്ത്യൻ നേട്ടങ്ങൾ ശക്തമായി അടയാളപ്പെടുത്തുന്ന തരത്തിലാണ് ഒരുക്കുന്നത്. ഇന്ത്യാസ് പവർപ്ലേ ഇൻ ഇലക്ട്രോണിക്സ് എന്ന തീമിൽ ഒരുക്കുന്ന എക്സിബിഷന്റെ പ്രധാന മുഖമായി ക്രിക്കറ്റ് താരം രോഹിത് ശർമ്മയാണ് എത്തുന്നത്.

# മീഷോ മാളുമായി വൻകിട കമ്പനികൾ കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ സാധാരണക്കാർക്ക് വ്യക്തിഗത പരിചരണ ഉൽപ്പന്നങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രമുഖ എഫ്എംസിജി കമ്പനികളായ ഡാബർ, റെക്കിറ്റ് എന്നിവയുമായി മീഷോ മാൾ സഹകരിക്കുന്നു. ഈ പങ്കാളിത്തത്തിലൂടെ ഡ്യൂറെക്സ്, മൂവ്, വീറ്റ്, ഡെറ്റോൾ തുടങ്ങിയ പ്രമുഖ ബ്രാൻഡുകൾ മീഷോ വഴി ഇനി ലഭ്യമാകും. പ്രത്യേകിച്ച് ടയർ 2 നഗരങ്ങളിലെ ഉപഭോക്താക്കളെയാണ് ഈ നീക്കം ലക്ഷ്യമിടുന്നത്. ഈ പങ്കാളിത്തത്തിന് ഇതിനോടകം തന്നെ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ഇത് മെട്രോ നഗരങ്ങൾക്കപ്പുറമുള്ള ഉപഭോക്താക്കൾക്കിടയിൽ ബ്രാൻഡഡ് ഉൽപ്പന്നങ്ങളോടുള്ള വർദ്ധിച്ച താൽപ്പര്യമാണ് കാണിക്കുന്നത്.




# സെയിൽസ്ഫോഴ്സുമായി സഹകരിക്കാൻ പിയേഴ്സൺ

**കൊച്ചി:** ലോകത്തിലെ പ്രമുഖ കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റിംഗ് സൊലൂഷൻ സ്ഥാപനമായ പിയേഴ്സനും, പിയേഴ്സൺ ബിസിനസ് യൂണിറ്റായ പിയേഴ്സൻ വ്യൂവും, ലോകത്തിലെ നമ്പർ 1 എ.ഐ. സി.ആർ.എം. ആയ സെയിൽസ്ഫോഴ്സുമായി നി ർണായക സഹകരണം പ്രഖ്യാപിച്ചു. ഇതിലൂടെ പിയേഴ്സൻ വ്യൂ ലോകമെമ്പാടും സെയിൽസ്ഫോഴ്സ് സർട്ടിഫിക്കേഷൻ പരീക്ഷകളുടെ ഏക വിതരണക്കാരാകും. പിയേഴ്സണും സെയിൽസ്ഫോഴ്സും ചേർന്ന്, പിയേഴ്സൺ വ്യൂവിന്റെ വിശ്വസനീയമായ പരീക്ഷാ സംവിധാനങ്ങളെ സെയിൽസ്ഫോഴ്സിന്റെ സർട്ടിഫിക്കേഷൻ പ്രോഗ്രാമുമായി സംയോജിപ്പിച്ച്, ഏറ്റവും പുതിയതും സാധുതയുള്ളതുമായ സെയിൽസ്ഫോഴ്സ് കഴിവുകൾ ജീവനക്കാർക്കും തൊഴിലുടമകൾക്കും നൽകുന്നുവെന്ന് പിയേഴ്സൺ വ്യൂവിന്റെ മാനേജിംഗ് ഡയറക്ടർ ഡോ. ഗാരി ഗേറ്റ്സ് പറഞ്ഞു. പിയേഴ്സൺ, സെയിൽസ്ഫോഴ്സുമായി ചേർന്ന് ഒരു ഏകീകൃതവും ലളിതവുമായ സർട്ടിഫിക്കേഷൻ ശൈലി സൃഷ്ടിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ മുതൽ പരീക്ഷാ ദിവസം വരെ എല്ലാം ഒരു പ്ലാറ്റ്ഫോമിൽ വ്യക്തവും കാര്യക്ഷമവും, ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യവുമായ നിലയിൽ ലഭ്യമാകുമെന്നതാണ് ഇതിന്റെ സവിശേഷത. പിയേഴ്സൺ വ്യൂ 80 സെയിൽസ്ഫോഴ്സ് സർട്ടിഫിക്കേഷൻ പരീക്ഷകൾ നിരീക്ഷിക്കും, ഇതിൽ സെയിൽസ്ഫോഴ്സ് അഡ്മിനിസ്ട്രേറ്റർ, ഏജന്റ്ഫോഴ്സ് സ്പെഷ്യലിസ്റ്റ് എന്നിവ ഉൾപ്പെടുന്നു. ഇവ സെയിൽസ്ഫോഴ്സ് പ്ലാറ്റ്ഫോമിന്റെ മാറ്റത്തോടൊപ്പം പ്രൊഫഷണലുകൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും ബിസിനസുകൾക്ക് മൂല്യം വർധിപ്പിക്കാനും സഹായിക്കുന്നു. 2025 ജൂലൈ 21 മുതൽ സെയിൽസ്ഫോഴ്സ് സർട്ടിഫിക്കേഷൻ പരീക്ഷകൾക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

# അങ്കമാലി-കുണ്ടന്നൂർ ബൈപാസ്: ഒക്ടോബറിൽ പുനർ വിജ്ഞാപനമെന്ന് ദേശീയപാത അതോറിറ്റി

**കൊച്ചി:** കൊച്ചി നഗരത്തിലെയും സമീപപ്രദേശങ്ങളിലേയും ഗതാഗതക്കുരുക്ക് കുറച്ച് യാത്ര സുഗമമാക്കുന്ന അങ്കമാലി കുണ്ടന്നൂർ ബൈപാസിന്റെ സർവ്വേ പ്രവർത്തനങ്ങൾക്കുള്ള 3 എ വിജ്ഞാപനം ഒക്ടോബറിൽ വീണ്ടും പുറപ്പെടുവിക്കുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചു. വിജ്ഞാപനം പുറപ്പെടുവിച്ചാൽ രണ്ട് മാസത്തിനുള്ളിൽ അവശേഷിക്കുന്ന പ്രദേശത്ത് സർവ്വേ പൂർത്തിയാക്കും. വ്യവസായ മന്ത്രി പി.രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. നേരത്തെ പുറപ്പെടുവിച്ച 3 എ വിജ്ഞാപനം കാലഹരണപ്പെട്ടതോടെയാണ് പുതിയ വിജ്ഞാപനം ആവശ്യമായി വന്നത്. ദേശീയപാത 544 ന്റെ ഭാഗമായ ബൈപാസിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന 201ഹെക്ടറിൽ 21.5 ഹെക്ടറിലാണ് ഇനി സർവേ നടത്താൻ അവശേഷിക്കുന്നത്. 290 ഹെക്ടർ ഏറ്റെടുക്കാനായിരുന്നു നിർദ്ദേശമെങ്കിലും പിന്നീടത് 201 ഹെക്ടറായി നിജപ്പെടുത്തി. ഇതിൽ 160 ഹെക്ടർ പ്രദേശത്തെ സർവ്വേ നേരത്തെ പൂർത്തിയാക്കിയിരുന്നു. പുഴയും കല്ലിടാത്ത സ്ഥലവും ഉൾപ്പെടെ 19.5 ഹെക്ടർ പ്രദേശം ഒഴിവാക്കി. അവശേഷിക്കുന്ന 21.5 ഹെക്ടറിൽ 3 എ പുനർ വിജ്ഞാപനത്തിനു ശേഷം അടിയന്തിര പ്രാധാന്യത്തോടെ സർവ്വേ പൂർത്തിയാക്കാനാണ് തീരുമാനം. നേരത്തെ 49 ജീവനക്കാരാണ് സർവ്വേ ജോലികളിൽ പങ്കെടുത്തത്. 67 ഹെക്ടർ സ്ഥലം 3ഡി വിജ്ഞാപനത്തിനായി ദേശീയപാത അതോറിറ്റിക്ക് കൈമാറുകയും ചെയ്തിരുന്നു. സർവ്വേ പൂർത്തിയാക്കിയ ബാക്കി സ്ഥലത്തിന്റെ സ്കെച്ച് ഉടൻ തയ്യാറാക്കാൻ മന്ത്രി നിർദ്ദേശം നൽകി. അവശേഷിക്കുന്ന സർവ്വേ നടപടികൾക്കായി സർവ്വേയർമാരുടെ എണ്ണം കുറയാതെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കാനും തീരുമാനിച്ചു. 3എ പുനർ വിജ്ഞാപനം ഒക്ടോബറിൽ നടന്നാൽ രണ്ട് മാസത്തിനുള്ളിൽ തന്നെ 3ഡി വിജ്ഞാപനത്തിലേക്ക് കടക്കാനാകുമെന്ന് യോഗം വിലയിരുത്തി. ആദ്യം പുറപ്പെടുവിച്ച 3 എ വിജ്ഞാപനത്തിന് ശേഷം അതിവേഗത്തിൽ തുടർനടപടികൾ ഏകോപിപ്പിച്ചതിന്റെ ഭാഗമായാണ് 160 ഹെക്ടറിൽ സർവ്വേ പൂർത്തിയാക്കാനായത്. അങ്കമാലി മുതൽ കുണ്ടന്നൂർ വരെ 44 കി .മീറ്റർ ദൈർഘ്യമുള്ള പാതയാണ് നിർമ്മിക്കുന്നത്.ജില്ലാ കളക്ടർ ജി. പ്രിയങ്ക, ദേശീയപാത പ്രോജക്റ്റ് ഡയറക്ടർ അൻസിൽ ഹസൻ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ലക്ഷദ്വീപ് സ്കൂളുകൾക്കായി കൈറ്റ് റോബോട്ടിക് കിറ്റുകൾ നൽകി



**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക സ്ഥാപനമായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ലക്ഷദ്വീപിലെ ഒൻപത് ദ്വീപുകളിലുമുള്ള സ്കൂളുകളിൽ റോബോട്ടിക് പഠനത്തിനായി റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തു. ലക്ഷദ്വീപിൽ കേരളത്തിലെ പാഠ്യപദ്ധതി പിന്തുടരുന്ന പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ഈ നൂതന പദ്ധതി നടപ്പാക്കിയത്. മൂന്ന് വിദ്യാർത്ഥികൾക്ക് ഒരു കിറ്റ് എന്ന നിലയിൽ ആകെ 100 റോബോട്ടിക് കിറ്റുകളാണ് കൈറ്റ് നൽകിയത്. റോബോട്ടിക്സ് പഠനം കൂടുതൽ ലളിതവും പ്രായോഗികവുമാക്കുവാൻ ഇത് സഹായിക്കും. കിറ്റുകൾ വിതരണം ചെയ്തതിനൊപ്പം ലക്ഷദ്വീപിലെ ഹൈസ്കൂൾ തലത്തിൽ ഐ.സി.ടി പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്കും ഡയറ്റ് ഫാക്കൽറ്റികൾക്കുമായി അഞ്ചുദിവസത്തെ പ്രത്യേക പരിശീലനത്തിനും തുടക്കമായി. കൈറ്റിന്റെ എറണാകുളത്തുള്ള റീജിയണൽ റിസോഴ്സ് സെന്ററിലാണ് പരിശീലനം നടക്കുന്നത്. കേരള പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഓൺലൈനായി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ലക്ഷദ്വീപിലെ കുട്ടികൾക്ക് മികച്ച പഠനം ഉറപ്പാക്കാൻ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പറഞ്ഞു. കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് സ്കൂളുകൾക്കുള്ള റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തു. കഴിഞ്ഞ മാസം ലക്ഷദ്വീപ് സ്കൂളുകളിലെ മുഴുവൻ പിജി അധ്യാപകർക്കും കൈറ്റിന്റെ നേതൃത്വത്തിൽ നിർമിത ബുദ്ധിയിൽ (എ.ഐ) പരിശീലനം നൽകിയിരുന്നു. പത്താം ക്ലാസിലെ പുതിയ ഐസിടി പാഠപുസ്തകത്തിലെ റോബോട്ടുകളുടെ ലോകം എന്ന അധ്യായത്തിൽ സർക്യൂട്ട് നിർമ്മാണം, സെൻസറുകളുടേയും ആക്ചുവേറ്ററുകളുടേയും ഉപയോഗം, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് വഴി ഇലക്ട്രോണിക് ഉപകരണങ്ങളെ നിയന്ത്രിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ റോബോട്ടിക്സിന്റെ പുതിയ ആശയങ്ങളും ആശയമാതൃകകളും കണ്ടെത്താൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നുണ്ട് . ഇത് പഠിപ്പിക്കാനാണ് ആർഡിനോ ബ്രഡ്ബോർഡ്, ഐ ആർ സെൻസർ, സെർവോ മോട്ടോർ, ജമ്പർ വെയറുകൾ തുടങ്ങിയവ ഉൾപ്പെടുന്ന റോബോട്ടിക് കിറ്റുകൾ കൈറ്റ് നൽകുന്നത് . കേരളത്തിലെ സ്കൂളുകൾക്കായി 29000 റോബോട്ടിക് കിറ്റുകൾ കൈറ്റ് ഇതിനകം നൽകിയിട്ടുണ്ട്. കൂടുതൽ റോബോട്ടിക് കിറ്റുകൾ ആവശ്യമുള്ള സ്കൂളുകൾക്ക് അവ നേരിട്ട് വാങ്ങാനും കൈറ്റ് സംവിധാനമൊരുക്കിയിട്ടുണ്ട്. ചടങ്ങിൽ ലക്ഷദീപ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അക്കാഡമിക് വിദഗ്ദൻ കെ കെ ഷാനവാസ് , കൈറ്റ് ഫാക്കൽറ്റികളായ എ ആർ മുഹമ്മദ് അസ്‌ലം , സ്വപ്ന ജെ നായർ , എൻ പി ജയൻ , അജി ജോൺ എന്നിവർ സംസാരിച്ചു. അടുത്ത ഘട്ടം ലക്ഷദീപിലെ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം അധ്യാപകർക്കുള്ള പരിശീലനവും ഉടൻ ക്രമീകരിക്കുമെന്ന് കൈറ്റ് സി.ഇ.ഒ അറിയിച്ചു.

## ഓണാഘോഷവും സുരക്ഷ ഫണ്ട് വിതരണവും നടത്തി



**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷവും കെ.എച്ച്.ആർ.എ സുരക്ഷ ഫണ്ട് വിതരണവും നടത്തി. എറണാകുളം എം.ജി റോഡിലെ കെ.എച്ച്.ആർ.എ ഭവനിൽ നടന്ന ചടങ്ങ് അസിസ്റ്റന്റ് ജില്ലാകളക്ടർ പാർവതി ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഹോട്ടലുടമകളുടേയും ജീവനക്കാരുടേയും കുടുംബസുരക്ഷക്കായി സംഘടന ആരംഭിച്ച കെ.എച്ച്.ആർ.എ സുരക്ഷ പദ്ധതിയിൽ അംഗമായിരിക്കെ മരണമടഞ്ഞ 3 അംഗങ്ങളുടെ കുടുംബത്തിന് 30 ലക്ഷം രൂപ അസിസ്റ്റന്റ് കളക്ടർ കൈമാറി. ജില്ലാ പ്രസിഡന്റ് ടി. ജെ മനോഹരൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജി. ജയപാൽ ഓണസന്ദേശം നൽകി. സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ്, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥി, ജില്ലാ വൈസ് പ്രസിഡന്റുമാരായ വി. എ അലി, ബൈജു പി. ഡേവിസ്, ജില്ലാ സെക്രട്ടറി കെ.ടി.റഹിം, ട്രഷറർ സി. കെ അനിൽ തുടങ്ങിയവർ സംസാരിച്ചു.

## വയോജനങ്ങൾക്ക് സഞ്ചരിക്കുന്ന ആശുപത്രി; പദ്ധതിയ്ക്ക് തുടക്കം



**കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച വയോജനങ്ങൾക്ക് സഞ്ചരിക്കുന്ന ആശുപത്രി പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് മിനി രതീഷ് നിർവ്വഹിക്കുന്നു.**

**കിഴക്കമ്പലം:** കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വയോജനങ്ങൾക്ക് സഞ്ചരിക്കുന്ന ആശുപത്രി പദ്ധതി പഞ്ചായത്ത് പ്രസിഡണ്ട് മിനി രതീഷ് ഉദ്ഘാടനം ചെയ്തു. കിഴക്കമ്പലം സബ് സെന്ററിൽ നടന്ന ചടങ്ങിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ജെനിസ് പി. കാച്ചപ്പിള്ളി അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി. അജി, മെഡിക്കൽ ഓഫീസർ ഡോ. പ്രീതി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ. ബിനു , സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൻ ആർ. ബിന്ദു , ബ്ലോക്ക് മെമ്പർ കെ. വി രാജു, ഡോ.മേഘ, ആരോഗ്യ പ്രവർത്തകർ, ഭരണസമിതി അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. 60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾക്ക് ഓരോ വാർഡിലും നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ മാസത്തിൽ രണ്ട് പ്രാവശ്യം ഡോക്ടറുടെ സേവനവും ആവശ്യമായ മരുന്നുകളും സൗജന്യമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടത്തപ്പെടുന്ന പദ്ധതിയാണ് ഇത്. സാധാരണക്കാരായ ആളുകൾക്ക് ഉപകാരപ്പെടുന്ന രീതിയിലാണ് പദ്ധതി ക്രമീകരിച്ചിട്ടുള്ളത്.

## ആയൂർവേദ നേഴ്സ് താത്കാലിക നിയമനം

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയിൽ ആയുർവേദ നേഴ്സ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി ചെയ്യുവാൻ താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിയമനം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും. വിദ്യാഭ്യാസ യോഗ്യത: ഡിഎഎംഇ അംഗീകരിച്ച ആയൂർവേദ നഴ്സിംഗ് കോഴ്സ് സർട്ടിഫിക്കറ്റ്. അപേക്ഷകർ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ, തിരിച്ചറിയൽ രേഖകൾ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും അവയുടെ ഓരോ പകർപ്പും സഹിതം സെപ്തംബർ 22ന് രാവിലെ 11 ന് സ്ഥാപന മേധാവി മുമ്പാകെ ഹാജരാകണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തീരദേശ മാനേജ്മെന്റ് പ്ലാൻ അന്തിമ ഘട്ടത്തിലെന്ന് മന്ത്രി കെ രാജൻ

**വൈപ്പിൻ:** കാലാവസ്ഥ വ്യതിയാനം മൂലമുള്ള ഓരു വെള്ള ഭീഷണിയിൽ നിന്ന് വൈപ്പിനെ സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി എന്ന നിലക്ക് എൻസിസിആർ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ മാനേജ്മെൻ പ്ലാൻ അന്തിമ ഘട്ടത്തിലാണെന്നു റവന്യൂ, ഭവന മന്ത്രി കെ രാജൻ. ഇതിന് അംഗീകാരം ലഭിച്ചാൽ സ്ഥിരമായ തീരദേശ സംരക്ഷണ നടപടികൾ നിർദ്ദേശിക്കാനാകും. തുടർന്ന് മുഴുവൻ വൈപ്പിൻ തീരദേശത്തിനും യോജിച്ച പരിഹാര മാർഗങ്ങൾ നടപ്പിലാക്കാനും കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. തീരശോഷണവും ഒരു വെള്ള ഭീഷണിയും സംബന്ധിച്ച് നിയമസഭയിൽ കെ. എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയുടെ സബ്മിഷനു മറുപടി നൽകുകയായിരുന്നു രാജൻ.

തീരശോഷണം സംസ്ഥാന സവിശേഷ ദുരന്തമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതു പ്രകാരം ദുരന്തബാധിതർക്ക് ദുരിതാശ്വാസത്തിന് അർഹതയുണ്ടെന്നു മന്ത്രി പറഞ്ഞു. പുഴ, കായൽ, കടൽ, മറ്റ് ജല സ്രോതസുകൾ എന്നിവിടങ്ങളിൽ നിന്നുള്ള അധികജലം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതത്തിലാകുന്നവരും ദുരിതാശ്വാസത്തിന് അർഹരാണ്. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

നായരമ്പലം, എടവനക്കാട്, ഞാറക്കൽ എന്നിവിടങ്ങളിൽ ജിയോബാഗ് ഉപയോഗിച്ചു അടിയന്തിര താൽക്കാലിക സംരക്ഷണ പ്രവർത്തനങ്ങൾ തുടരുകയാണ്. എടവനക്കാട് പഞ്ചായത്തിൽ മഴക്കാലത്തുണ്ടാകുന്ന അതിരൂക്ഷ കടലാക്രമണം തടയുന്നതിന് ടെട്രോപാഡ് സ്ഥാപിക്കാനായി ജിഡ അനുവദിച്ച 35 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. ദേശീയ മിറ്റിഗേഷൻ ഫണ്ടിൽ നിന്നു തീരശോഷണം നേരിടുന്ന പ്രദേശങ്ങൾക്കു വേണ്ടി കടലാക്രമണ പ്രതിരോധ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ജലസേചന വകുപ്പും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്നു സാങ്കേതിക പഠനം നടത്തി പദ്ധതി ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്കു സമർപ്പിക്കാൻ നടപടികൾ അവസാന ഘട്ടത്തിലാണെന്നും രാജൻ അറിയിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം 99.39 ലക്ഷം രൂപയുടെ ഏഴ് പ്രവൃത്തികളും നടപ്പ് സാമ്പത്തിക വർഷം 203.255 ലക്ഷം രൂപയുടെ 15 പ്രവൃത്തികളും നടപ്പാക്കിയത് തീരപ്രദേശങ്ങൾക്ക് ആശ്വാസം പകർന്നിട്ടുണ്ട്. കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി (ഫ്ളോ ഗോശ്രീ) നടപ്പാക്കുന്നതിന്റെ ഭാഗമായി വൈപ്പിൻ പ്രദേശത്തെ തോടുകളുടെ പുനരുജ്ജീവനത്തിന് കുഴുപ്പിള്ളി പഞ്ചായത്തിൽ ഒൻപത് പ്രവൃത്തികൾക്കായി 76.78 ലക്ഷവും എടവനക്കാട് ഒരു പ്രവൃത്തിക്ക് 59 ലക്ഷവും മുളവുകാട് 4 പ്രവൃത്തികൾക്കായി 200.3 ലക്ഷവും പള്ളിപ്പുറത്ത് 10 പ്രവൃത്തികൾക്കു 74 ലക്ഷവും നായരമ്പലത്ത് നാല് പ്രവൃത്തികൾക്കു 372.7 ലക്ഷവും രൂപയുടെ പ്രൊപ്പോസൽ ജിഡയുടെ അംഗീകാരത്തിനു നൽകിയിട്ടുണ്ട്. വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുമാണെന്നു മന്ത്രി പറഞ്ഞു.

ആർ എം പി തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നവകേരള സദസിനെ തുടർന്ന് അനുവദിച്ച 2.29 കോടി രൂപയ്ക്കു ഭരണ, സാങ്കേതിക അനുമതികൾ ലഭിച്ചിട്ടുണ്ട്. ഇതേ തോടിന്റെ സംരക്ഷണത്തിനു 2 കോടി രൂപയുടെ മറ്റൊരു പദ്ധതിക്ക് അനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. വല്ലാർപാടത്തെ ഓരു വെള്ള ഭീഷണിയിൽ നിന്നു സംരക്ഷിക്കുന്നതിന് ജിഡയുടെ 12 കോടിയുടെ പദ്ധതിക്ക് മേജർ ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അവിടെ കയ്യേറ്റമുണ്ടെന്നു പ്രഥമദൃഷ്ടിയിൽ ബോധ്യപ്പെട്ട സാഹചര്യത്തിൽ ജില്ലാ കലക്ടർ നിയോഗിച്ച പ്രത്യേക സർവ്വേ ടീമിന്റെ ജോലി അവസാന ഘട്ടത്തിലാണ്. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റം വരുത്തി പദ്ധതി നടപ്പാക്കും. ഓപ്പറേഷൻ വാഹിനി പദ്ധതിയിൽപെടുത്തി ആർ എം പി തോടിന്റെ അഴിമുഖത്തിൽ അടിഞ്ഞ ചെളിയും ഏക്കലും നീക്കുന്ന പ്രവൃത്തികൾ തുടരുകയാണ്. വല്ലാർപാടം കായലോരത്തെ ഔട്ടർ ബണ്ട് നിർമ്മാണത്തിനുള്ള ഡിസൈൻ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് നൽകിയതനുസരിച്ച് എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ടെന്നും രാജൻ വ്യക്തമാക്കി.

# കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവ്: മിനി മാരത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെയും യുറോപ്യൻ യൂണിയന്റെയും സഹകരണത്തോടെ കേരള സർക്കാർ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ പ്രചാരണാർത്ഥം മിനി മാരത്തോൺ സംഘടിപ്പിച്ചു.

സ്പോർട്സ് കേരള ഫൗണ്ടേഷനുമായി ചേർന്നാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ബോൾഗാട്ടി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കണ്ടെയ്നർ റോഡ് വഴി മുളവുകാട് വടക്ക് ഭാഗത്തേക്ക് അഞ്ച് കി. മീ. വരെയും തിരിച്ചും അഞ്ച് കി. മീ. (ആകെ 10 കി. മീ.) റൂട്ടിലാണ് മിനി മാരത്തോൺ നടന്നത്. മാരത്തോണിന്റെ ഉദ്ഘാടനവും ഫ്ളാഗ് ഓഫ് കർമ്മവും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് എൽസി ജോർജ് നിർവഹിച്ചു. മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ, സമ്മാനദാനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് മാർട്ടിൻ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ നിക്കോളാസ് ഡിക്കോത്ത, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി ആർ ജോൺ ലൈസ സേവ്യർ, വാർഡ് മെമ്പർ ബിന്ദു അനിൽകുമാർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ എം. എഫ് പോൾ , ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അളക ബാബു എന്നിവർ സംസാരിച്ചു. 52 പുരുഷന്മാരും 12 സ്ത്രീകളും ആണ് മാരത്തോണിൽ പങ്കെടുത്തത്.

പുരുഷ വിഭാഗത്തിൽ ബെഞ്ചമിൻ ബാബു. ഷിബിൻ ആന്റോ, ആദർശ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി . സ്ത്രീകളുടെ വിഭാഗത്തിൽ അഞ്ചു മുരുകൻ, ജോസ്റ്റോ ആന്റണി, കെ ആർ സരിത എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

# ബസ്സുകൾക്ക് നമ്പറിങ് സിസ്റ്റം അത്യാവശ്യം

**കൊച്ചി:** മലയാളമല്ലാതെ മറ്റു ഭാഷകൾ സംസാരിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളും ഐ.ടി പ്രൊഫഷണലുകളടക്കമുള്ള ആളുകൾ നഗരത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുഗതാഗത രംഗത്ത് വലിയൊരു മാറ്റം എന്ന നിലയിൽ ബസ്സുകൾക്ക് നമ്പറിങ് സിസ്റ്റം അനിവാര്യമാണെന്ന് മൊബിലൈസ് ഹേർ പദ്ധതിയുടെ ഭാഗമായി ഇന്നലെ നടന്ന കൗൺസിലർമാരുടെ ശിൽപശാലയിലും സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകളുടെ ശിൽപ്പശാലയിലും ആവശ്യം.

ഗതാഗതരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അതിനുള്ള പരിഹാരം മാർഗങ്ങളും ശിൽപ്പശാലയിൽ ചർച്ചയായി. സ്ത്രീകൾക്കുള്ള ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും നിലവിലുള്ള ഗതാഗത സംവിധാനങ്ങൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നത് സംബന്ധിച്ചും നിരവധി നിർദ്ദേശങ്ങൾ ശിൽപ്പശാലയിൽ ചർച്ച ചെയ്തു. പൊതുഗതാഗത സംവിധാനം ഭിന്നശേഷി സൗഹൃദമാക്കണം. പൊതുഗതാഗത മാർഗങ്ങളുടെ തൽസമയ വിവരങ്ങൾ ആളുകൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കണം. പൊതു ഗതാഗത രംഗത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുവാഹനങ്ങളിലും പൊതുനിരത്തുകളിലും പാനിക് ബട്ടൺ സംവിധാനം ഒരുക്കണം. പൊതുഗതാഗത മേഖലയിലെ വനിതാ തൊഴിലാളികളുടെ പങ്കാളിത്തം വർധിപ്പിക്കണം. പൊതുവിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി മെച്ചപ്പെട്ട തെരുവ് വെളിച്ചം ഉറപ്പാക്കണം. മെച്ചപ്പെട്ട പൊതുശൗചാലയ സൗകര്യങ്ങൾ ഒരുക്കണം. നഗരത്തിനുള്ളിൽ പൊതു ഗതാഗത സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഇ ഫീഡർ ബസ്സുകൾ ബസ് സർവീസ് ലഭ്യമാക്കണം. നിലവിൽ നഗരം നേരിട്ടുവരുന്ന തെരുവ് നായ്ക്കളുടെ പ്രശ്നം പരിഹരിക്കണം എന്നീ നിർദേശങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു.

## സൈബർ സുരക്ഷ: ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു



**കൊല്ലം:** ബജാജ് ഫിനാൻസിന്റെ നേതൃത്വത്തിൽ സൈബർ തട്ടിപ്പിനെതിരെ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. വിവിധ സൈബർ ഭീഷണികളെക്കുറിച്ചും സാമ്പത്തിക സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള മികച്ച രീതികളെക്കുറിച്ചും ഡിജിറ്റൽ ഉപഭോക്താക്കളെ അറിയിക്കുകയായിരുന്നു ചാറുകാട് എൻഎസ്എസ് കരയോഗ മന്ദിരത്തിൽ നടന്ന നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് എന്ന പരിപാടിയുടെ ലക്ഷ്യം. സൈബർ കേസുകളെ അതീവ പ്രാധ്യാനത്തോട് കൂടിയാണ് പോലീസും സർക്കാരും സമീപിക്കുന്നതെന്ന് പരിപാടിയിൽ സംസാരിച്ച കൊല്ലം ഡിവിഷൻ സൈബർ സെൽ എസ്.എച്ച്.ഒ ജി. ഗോപകുമാർ പറഞ്ഞു. കൊല്ലത്തും പരിസരത്തും നടക്കുന്ന വ്യാപകമായ തട്ടിപ്പുകളെക്കുറിച്ച് ചടങ്ങിൽ സംസാരിച്ചവർ മുന്നറിയിപ്പ് നൽകി. വ്യാജ ഒടിപി തട്ടിപ്പ്, ഫിഷിംഗ് തട്ടിപ്പ്, ഡിജിറ്റൽ അറസ്റ്റ്, സാമ്പത്തിക വായ്പ തട്ടിപ്പ്, പെൻഷൻ തട്ടിപ്പ്, മറ്റ് തട്ടിപ്പുകൾ എന്നിവയെക്കുറിച്ചും ബോധവത്ക്കരണം നടത്തി. നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് പ്രോഗ്രാം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എൻബിഎഫ്സികൾക്കുള്ള 2024 ലെ ഫ്രോഡ് റിസ്ക് മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമാണ്. റിട്ട. പ്രിൻസിപ്പൽ ജി എച്ച് എസ് എസ് അഞ്ചാലുംമൂട് ബാബുരാജ് കെ ആർ, ചാറുകാട് വാർഡ് മെമ്പർ സതീഷ് കുമാർ, ബജാജ് ഫിനാൻസ് സോണൽ മാനേജർ വെങ്കിടേശൻ വി എസ്, റിട്ട. എസിപി സുരേഷ് കുമാർ എന്നിവർ പങ്കെടുത്തു.

## ഗാന്ധിജയന്തി ക്വിസ് മത്സരം

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ കുട്ടികൾക്കായി ഗാന്ധി ജയന്തി വാരത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുന്നു. ജില്ലാതല മത്സരം സെപ്തംബർ 26ന് രാവിലെ 11 ന് ഖാദി ബോർഡിന്റെ എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ നടക്കും. ജില്ലയിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും , അംഗീകൃത എയ്ഡഡ്, അൺ എയ്ഡഡ്, സ്റ്റേറ്റ്, സി ബി എസ് ഇ, ഐ സി എസ് ഇ, ഐ എസ് സി സിലബസ് സ്കൂളുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരു സ്കൂളിൽ ഹൈസ്കൂൾ തലത്തിൽ നിന്നും, ഹയർ സെക്കൻഡറി സ്ക്കൂൾ തലത്തിൽ നിന്നും രണ്ട് വിദ്യാർത്ഥികളടങ്ങുന്ന രണ്ട് ടീമിന് പങ്കെടുക്കാം. ഗാന്ധിജിയും ഖാദിയും സ്വാതന്ത്ര്യ സമരവും, പൊതുവിഞ്ജാജ്ഞാനവും' എന്നതാണ് മത്സരത്തിലെ വിഷയം. മത്സരം പൂർണമായും മലയാള ഭാഷയിലായിരിക്കും. ജില്ലാതല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നടത്തുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. ജില്ലാതല മത്സരത്തിലെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകും. മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ പ്രിൻസിപ്പലിന്റെ അല്ലെങ്കിൽ ഹെഡ് മാസ്റ്ററുടെ സർട്ടിഫിക്കറ്റ് സഹിതം കലൂരിലുള്ള ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ സെപ്തംബർ 24ന് വൈകിട്ട് അഞ്ചിനു മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 8921998052, 9947082277.

## വയോജന ആരോഗ്യ ബോധവൽക്കരണ ക്ലാസ്

**കൊച്ചി:** അമൃത ആശുപത്രിയിലെ ജെറിയാട്രിക്സ് വിഭാഗം അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച്, സെപ്റ്റംബർ 25ന് മുതിർന്ന പൗരന്മാർക്കായി സൗജന്യ ആരോഗ്യ അവബോധ ക്ലാസ് സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ വാർദ്ധക്യം, മറവിരോഗങ്ങൾ, മാനസികാരോഗ്യം, ഫിസിയോ തെറാപ്പി, വയോജനങ്ങൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയെക്കുറിച്ചായിരിക്കും ക്ലാസുകൾ. രാവിലെ ഒൻപതിന് ആരംഭിക്കുന്ന ക്ലാസിൽ പങ്കെടുക്കാൻ രജിസ്ട്രേഷൻ നിർബന്ധമാണ്. ജീവിത ശൈലീ രോഗ സ്ക്രീനിങ്ങും ഇതിന്റെ ഭാഗമായി നടക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9633244602 എന്ന നമ്പറിൽ ബന്ധപ്പെടുക

## അന്വേഷണ കമ്മീഷൻ തെളിവെടുപ്പ് സെപ്റ്റംബർ 20ന്

**കൊച്ചി:** പൊതു പ്രാധാന്യമുള്ള വിഷയങ്ങളിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് ജസ്റ്റിസ് വി. കെ മോഹനന്റെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മീഷൻ തെളിവെടുപ്പ് സെപ്റ്റംബർ 20ന് എറണാകുളത്ത് നടക്കും. വിനോദ സഞ്ചാരം, ഉൾനാടൻ ജലഗതാഗത മേഖല, മത്സ്യ ബന്ധനം തുടങ്ങി വിഷയങ്ങളിലാണ് തെളിവെടുപ്പ് നടക്കുന്നത്. രാവിലെ 11ന് മറൈൻ ഡ്രൈവിലെ ജിസിഡിഎ കമ്മീഷൻ ഹെഡ് ക്വാർട്ടേഴ്സിലാണ് തെളിവെടുപ്പ്.

# കേരളത്തെ നോഡൽ സംസ്ഥാനമാക്കിയത് നൂതന സംരംഭങ്ങൾക്കുള്ള അംഗീകാരം: മന്ത്രി വീണാ ജോർജ്




**കോട്ടയം :** ആയുഷ് മേഖലയിൽ നടപ്പിലാക്കുന്ന നൂതന സംരംഭങ്ങൾക്കുള്ള അംഗീകാരമാണ് 'ആയുഷ് മേഖലയിൽ നടപ്പിലാക്കിയ വിവര സാങ്കേതികവിദ്യാ സേവനങ്ങൾ' എന്ന വിഷയത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമാക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോട്ടയം കുമരകത്ത് നടക്കുന്ന 'ആയുഷ് മേഖലയിൽ വിവരസാങ്കേതിക മുന്നേറ്റം' ദ്വിദിന ദേശീയ ശിൽപ്പശാല ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നീതി ആയോഗ് വിളിച്ചു ചേർത്ത നാലാമത് ചീഫ് സെക്രട്ടറിമാരുടെ സമ്മേളനത്തിലാണ് കേരളത്തെ നോഡൽ സംസ്ഥാനമായി തെരഞ്ഞെടുത്തത്. അതിന്റെയടിസ്ഥാനത്തിലാണ് കേരളത്തിന്റെ നേതൃത്വത്തിൽ ദേശീയ ശിൽപ്പശാല സംഘടിപ്പിക്കാനുള്ള വേദിയൊരുങ്ങിയത്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലും ആരോഗ്യ സംരക്ഷണ നവീകരണത്തിലും സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ മുന്നേറ്റങ്ങളെ ഈ അംഗീകാരം പ്രതിഫലിപ്പിക്കുന്നതായും മന്ത്രി പറഞ്ഞു.

ആഗോള തലത്തിൽ ഗുണനിലവാരമുള്ളതും വിശ്വസനീയവും താങ്ങാനാവുന്നതുമായ ആയുഷ് സ്ഥാപനങ്ങൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. ആയുഷ് ചികിത്സാ മേഖലയെ കൂടുതൽ ജനകീയമാക്കുന്നതിന് നൂതന വിവരസാങ്കേതിക വിദ്യാ ഇടപെടലുകൾ അനിവാര്യമാണ്. ആയുഷ് സ്ഥാപനങ്ങൾക്ക് ദേശവ്യാപകമായി ഏകീകൃത മാനദണ്ഡം കാലഘട്ടത്തിൻറെ ആവശ്യമാണ്. 3500 വർഷങ്ങൾ പിന്നിട്ട പൗരാണിക വിജ്ഞാനവും ആധുനിക സാങ്കേതികവിദ്യയും സമന്വയിക്കുന്നതോടെ ഈ രംഗത്ത് മികച്ച മുന്നേറ്റം നടത്താനാകുമെന്നും മന്ത്രി വ്യക്തമാക്കി.

ആയുഷ് ചികിത്സാ രീതികൾക്ക് രാജ്യവ്യാപകമായി പ്രചാരം ലഭിക്കുന്നതിന് സംസ്ഥാനങ്ങളുടെ സഹകരണവും ഡിജിറ്റൽ വിടവ് നികത്തുന്നതും അനിവാര്യമാണെന്ന് കുമരകത്ത് ആരംഭിച്ച ദേശീയ ശിൽപശാല അഭിപ്രായപ്പെട്ടു. ദേശീയ ആയുഷ് മിഷൻ കേരളയും സംസ്ഥാന ആയുഷ് വകുപ്പും കേന്ദ്ര ആയുഷ് മന്ത്രാലയവും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. 29 സംസ്ഥാനകേന്ദ്രഭരണ പ്രദേശങ്ങളിലെ പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കുന്നു.കേന്ദ്ര ആയുഷ് സെക്രട്ടറി വൈദ്യ രാജേഷ് കൊടേച, കേന്ദ്ര ആയുഷ് മന്ത്രാലയം ജോ. സെക്രട്ടറി കവിത ജെയിൻ, മന്ത്രാലയം ഉപദേശകൻ ഡോ. എ. രഘു, ഉത്തർപ്രദേശ് ആയുഷ് പ്രിൻസിപ്പൽ സെക്രട്ടറി രഞ്ജൻ കുമാർ, ആയുഷ് മന്ത്രാലയ ഡയറക്ടർ സുബോധ് കുമാർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ഹോമിയോപതി മെഡിക്കൽ എജ്യുക്കേഷൻ കൺട്രോളിംഗ് ഓഫീസറും പ്രിൻസിപ്പലുമായ ഡോ. ടി. കെ വിജയൻ തുടങ്ങിയവർ സംസാരിച്ചു.

# വാട്ടർ പ്യൂരിഫയർ വിൽപ്പനയുടെ 32 ശതമാനവും മൺസൂൺ കാലത്ത്

**കൊച്ചി:** മൺസൂൺ കാലത്ത് ഉപഭോക്താക്കളുടെ ശ്രദ്ധ ജല സുരക്ഷയിലേക്കും ആരോഗ്യ സംരക്ഷണത്തിലേക്കും കൂടുതലായി പതിച്ചതിലൂടെ ഇന്ത്യയിലെ വാട്ടർ പ്യൂരിഫയർ വിപണി മുൻപില്ലാത്ത വിധത്തിലെ വളർച്ചയ്ക്കു സാക്ഷ്യം വഹിച്ചു. വാട്ടർ പ്യൂരിഫയറുകളുടെ വാർഷിക വിൽപനയിൽ 32 ശതമാനത്തോളം നടക്കുന്നത് മഴക്കാലത്താണ്.

ശക്തമായ ഇരട്ട അക്ക വളർച്ചയുമായി ഡിമാന്റിൽ വൻ വർധനവുണ്ടാകുന്നതാണ് വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ കാണാനായത്. ജലജന്യ രോഗങ്ങളായ കോളറ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് എ തുടങ്ങിയവ അടക്കമുള്ളവയെ കുറിച്ചുള്ള അവബോധമാണിതിനു വഴി തുറന്നത്. ഈ വിഭാഗത്തിലെ ഉപഭോക്തൃ സ്വഭാവത്തെ കുറിച്ചുള്ള ക്രോമയുടെ പഠനങ്ങൾ പ്രകാരം ആർഒ വാട്ടർ പ്യൂരിഫയർ വാങ്ങലിന്റെ കാര്യത്തിൽ 31 ശതമാനവുമായി വടക്കേ ഇന്ത്യയാണ് മുന്നിൽ. തെക്കേ ഇന്ത്യ 30 ശതമാനവുമായി തൊട്ടു പിന്നിലുണ്ട്. വൈദ്യുത വാട്ടർ പ്യൂരിഫയറുകളിൽ 90 ശതമാനത്തോളം ആർഒ സാങ്കേതികവിദ്യയിലുള്ളവയാണ്. ശേഷിക്കുന്ന വിഹിതം യുവി മോഡലുകൾക്കാണ്. കറുപ്പു നിറത്തിനാണ് കൂടുതൽ ആവശ്യക്കാർ ആർഒ യൂണിറ്റുകളിൽ 62 ശതമാനവും യുവി യൂണിറ്റുകളിൽ 53 ശതമാനവും ഇതാണ്. വെളുപ്പു നിറം ഏതാണ്ട് 30 ശതമാനത്തോളം വിൽപന നടക്കുന്നു. പകുതിയിലേറെ യൂണിറ്റുകളും യുഎഫ്, യുവി ഫിൽട്രേഷനാണ്. 15 ശതമാനം ആൽക്കലൈൻ സംവിധാനവും എട്ടു ശതമാനം കോപർ സാങ്കേതികവിദ്യയുമാണ്. മിനറലുകൾ കൂട്ടിച്ചേർക്കുന്ന സംവിധാനത്തിന് താൽപര്യം വർധിക്കുകയാണ്. 15,000 രൂപയ്ക്ക് മുകളിലുള്ള ഇത്തരം മോഡലുകൾക്ക് പ്രിയം ഏറി വരികയാണ്.

ഉപഭോക്താക്കളുടെ രീതികൾ സംബന്ധിച്ചു നടത്തിയ പഠനത്തിൽ 2025 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് എണ്ണത്തിന്റെ കാര്യത്തിൽ 11 ശതമാനവും മൂല്യത്തിന്റെ കാര്യത്തിൽ 12 ശതമാനവും വളർച്ചയുണ്ടായതായി കണ്ടെത്തി. പ്രാദേശികമായി നോക്കുമ്പോൾ മഹാരാഷ്ട്രയാണ് ഏറ്റവും വലിയ വിപണി. വാട്ടർ പ്യൂരിഫയർ വിൽപനയുടെ 25 ശതമാനവും അവിടെ നിന്നാണ്. തൊട്ടു പിന്നിലുള്ള കർണാടകയിൽ 15 ശതമാനവും ഗുജറാത്തിൽ 12 ശതമാനവുമാണ്. തെലുങ്കാന എട്ടു ശതമാനവും ഉത്തർ പ്രദേശും ഡെൽഹിയും ആറു ശതമാനം വീതവും വിൽപന വിഹിതമാണ് കമ്പനിയുടെ വാട്ടർ പ്യൂരിഫയറുകൾക്കു നൽകുന്നത്. നഗര മേഖലകളാണ് ഡിമാന്റ് കൂടുതൽ. പൂനെ, മുംബൈ പോലുള്ള മെട്രോപൊളിറ്റൻ മേഖലകൾ ഉപഭോഗത്തിൽ മുന്നിലാണ്. മുൻനിര നഗരങ്ങളാണ് പ്രീമിയം റീട്ടെയിൽ കേന്ദ്രങ്ങളുടെ കാര്യത്തിൽ മുന്നിൽ. വാങ്ങൽ ശേഷിയും ആരോഗ്യ അവബോധവും കൂടുതലായതാണ് ഇതിനു കാരണം. അണ്ടർ ദി കൗണ്ടർ (യുടിസി) പ്യൂരിഫയർ സ്ഥാപിക്കലുകളുടെ കാര്യത്തിൽ വർഷാവർഷം 30 ശതമാനം വളർച്ചയുണ്ടാകുന്നതാണ് ശ്രദ്ധേയമായ മറ്റൊരു പ്രവണത. ഈ സംവിധാനത്തിൽ സിങ്കിനു കീഴിൽ സ്ഥാപിക്കുകയാണു ചെയ്യുന്നത്. ആധുനീക ഉപഭോക്തൃ ഡിമാന്റും ലളിതമായ രീതിയിൽ അടുക്കളകളിൽ മിനിമൽ ഡിസൈനിൽ സ്ഥാപിക്കുന്നതും ഇതിനു വഴിയൊരുക്കുന്നു. യുടിസി പ്യൂരിഫയറുകളിൽ വർധനവുണ്ടാകുമ്പോഴും 95 ശതമാനം ഉപഭോക്താക്കളും സ്റ്റാൻഡേർഡ് വാട്ടർ പ്യൂരിഫയറുകളാണ് വാങ്ങുന്നത്.

# ഏഷ്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി വി. ശ്രീകുമാർ






**കൊച്ചി:** സ്വയം വാഹനമോടിച്ച് ഇന്ത്യയിലെ 735 ജില്ലകളും കേന്ദ്ര ഭരണ പ്രദേശങ്ങളും 87 ദിവസം കൊണ്ട് സഞ്ചരിച്ച കാലടി സ്വദേശി വി. ശ്രീകുമാർ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. ആദ്യമായി ഇത്തരത്തിൽ നേട്ടം കൈവരിക്കുന്ന ഇന്ത്യാക്കാരനാണ് വി. ശ്രീകുമാർ. ജനുവരി എട്ടിന് കാലടിയിൽ നിന്നാണ് ശ്രീകുമാർ തന്റെ യാത്ര ആരംഭിച്ചത്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളും പിന്നിട്ട് ശ്രീകുമാർ യാത്രയിലുടനീളം നിരവധി വെല്ലുവിളികളെ അതിജീവിച്ച് കോഴിക്കോടാണ് തന്റെ യാത്ര അവസാനിപ്പിച്ചത്. നേരത്തെയും ഇദ്ദേഹം ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയിട്ടുണ്ട്.

# പ്രഥമ കാഴ്ചപരിമിതരുടെ വനിത ടി20 ലോകകപ്പ് ക്രിക്കറ്റ്;ഇന്ത്യക്കൊപ്പം ശ്രീലങ്കയും വേദിയാകും

**കൊച്ചി:** നവംബർ 11 മുതൽ 25 വരെ ഇന്ത്യ ആതിഥ്യം വഹിക്കുന്ന പ്രഥമ കാഴ്ചപരിമിതരുടെ വനിത ടി20 ലോകകപ്പ് ക്രിക്കറ്റിന് വേദിയാകാൻ ഇന്ത്യക്കൊപ്പം ശ്രീലങ്കയും. ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇന്ത്യ, നേപ്പാൾ, പാകിസ്ഥാൻ, ശ്രീലങ്ക, യുഎസ്എ ടീമുകളാണ് ടൂർണമെന്റിൽ പങ്കെടുക്കുന്നത്. ന്യൂഡൽഹിയും ബംഗളൂരുവുമാണ് ഇന്ത്യയിലെ വേദികൾ. ഇതിൽ, പാക്കിസ്ഥാൻ ഉൾപ്പെടുന്ന മത്സരങ്ങളുടെ നിഷ്പക്ഷവേദിയായിട്ടാണ് കൊളംബോയെ തിരഞ്ഞെടുത്തത് എന്ന് ലോക ബ്ലൈൻഡ് ക്രിക്കറ്റ് കൗസിലിന്റെ (ഡബ്ല്യു.ബി.സി.സി) സെക്രട്ടറി ജനറൽ രജനീഷ് ഹെൻട്രി അറിയിച്ചു.

കാഠ്മണ്ഡുവിൽ നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും നേപ്പാളിലെ സാഹചര്യങ്ങൾ പരിഗണിച്ചാണ് ശ്രീലങ്കയിലേക്കു വേദി മാറ്റുന്നത്. ലോകകപ്പിനായി 16 അംഗ ടീമിനെ ഇന്ത്യ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഇതിനൊപ്പം പ്രഖ്യാപിച്ച 6 റിസർവ് താരങ്ങളുടെ പട്ടികയിൽ മലയാളി താരം ജംഷീല കെയും ഉൾപ്പെട്ടിട്ടുണ്ട്.

# വനിതാഫെഡിന്റെ സൂതികാമിത്രം പദ്ധതിക്ക് തുടക്കം

**തിരുവനന്തപുരം:** ഗർഭിണികൾക്കും പ്രസവാനന്തരം അമ്മമാർക്കും ആയുർവേദ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനായ വനിതാഫെഡ് സൂതികാമിത്രം പദ്ധതി ആരംഭിക്കുന്നു. സഹകരണ, ആയുഷ് വകുപ്പുകളുടേയും നാഷണൽ ആയുഷ് മിഷന്റെയും പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതി സെപ്റ്റംബർ 23 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പരമ്പരാഗത ശുശ്രൂഷാ രീതികളെ പുനരുജ്ജീവിപ്പിക്കുകയും വനിതകൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയുമാണ് ലക്ഷ്യം.

അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഉയർന്ന നിലവാരമുള്ള ആയുർവേദ പരിചരണം നൽകാൻ വനിതകളെ പരീശീലിപ്പിക്കും. ഇതിനായി പ്ലസ്ടു യോഗ്യതയുള്ള 20 മുതൽ 45 വയസ്സുവരെയുള്ള വനിതകളെ കണ്ടെത്തി സൗജന്യ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമാക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ വനിതാ സഹകരണ സംഘങ്ങൾ വഴി 140 പേർക്കാണ് പരിശീലനം നൽകുന്നത്. ഇതിനുള്ള ചെലവ് സഹകരണ വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്ന് കണ്ടെത്തും.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിവിധ ആശുപത്രികൾ, പ്രസവ കേന്ദ്രങ്ങൾ, വീട്ടു ശുശ്രൂഷാ കേന്ദ്രങ്ങൾ, സംരംഭങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ അവസരം ലഭിക്കും. സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വനിതാഫെഡ് ഓൺലൈൻ ലേബർ ബാങ്ക് രൂപീകരിക്കും. ഇതിലൂടെ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ ആവശ്യമുള്ളവർക്ക് ലഭ്യമാക്കും. തൊഴിലാളികളുടെ വരുമാനത്തിന്റെ 5 ശതമാനം സേവന ഫീസായി ഫെഡറേഷൻ സ്വീകരിക്കും. ഈ തുക പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. സമൂഹത്തിന്റെ ആരോഗ്യസംരക്ഷണത്തിൽ വലിയ പങ്ക് വഹിക്കുന്നതോടൊപ്പം വനിതകൾക്ക് തൊഴിൽ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിൽ പദ്ധതി നിർണായകമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മണപ്പുറം ലയൺസ് ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്തു

**കൽപ്പറ്റ.** മണപ്പുറം ലയൺസ് ഡയാലിസിസ് സെന്റർ ലയൺസ് ക്ലബ്ബ് മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസ് ലിമിറ്റഡ് മാനേജിങ് ഡിറക്ടറായ വി പി നന്ദകുമാർ ഉദ്ഘാടനം ചെയ്തു. വടുവഞ്ചാലിൽ ലയൺസ് ക്ലബ്ബ് ഇൻർ നാഷണൽ ഫൗണ്ടേഷൻ സ്ഥാപിച്ച വയനാട് ഹോസ്പിറ്റലിനോടു ചേർന്നാണ് ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നത്. ഹോസ്പിറ്റലിന്റെ ഉദ്ഘാടനം ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ പ്രസിഡന്റ് എ പി സിംഗ് നിർവഹിച്ചു. മൾട്ടിപ്പിൾ കൗൺസിൽ ചെയർ പേഴ്സൺ ലയൺ രാജൻ നമ്പൂതിരി ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഗുണഭോക്താക്കൾക്കുള്ള ഹെൽത്ത് കാർഡ് വിതരണം ടി സിദ്ധിഖ് എം എൽഎ തുടക്കം കുറിച്ചു. ലയൺസ് ഇന്റർ നാഷണലിന്റെ സഹായത്തോടെയാണ് മണപ്പുറം ഫിനാൻസ് ഡയാലിസിസ് സെന്റർ നിർമ്മിച്ചത്. സെന്ററിന്റെ പ്രതിമാസ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുമെന്നും ആവശ്യാനുസരണം പുതിയ ഡയാലിസിസ് മെഷിനുകൾ വാങ്ങി നൽകുമെന്നും ചെയർമാൻ വി പി നന്ദകുമാർ പ്രഖ്യാപിച്ചു. ലയൺസ് ക്ലബ്ബ് മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ മുരുകൻ, മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ ഉണ്ണിക്കൃഷ്ണൻ, വാർഡ് മെമ്പർ യശോദാ ചന്ദ്രൻ, ലയൺ വി അമർനാഥ്, ലയൺ എ വി വാമനകുമാർ എന്നിവർ ആശംസ നേർന്നു. ലയൺസ് ഇന്റർ നാഷണൽ മുൻ ഡയറക്ടർമാരായ സംഗീത ജാട്ടിയ, വി വി കൃഷ്ണ റെഡ്ഡി, വിജയകുമാർ രാജു എന്നിവർ സന്നിഹിതരായിരുന്നു.

# മലയാളി ബ്രാൻഡിന് ആഗോള അംഗീകാരം

**കൊച്ചി:** പാലക്കാട് സ്വദേശികളായ രണ്ട് യുവാക്കൾ ചേർന്ന് പോളണ്ടിൽ ആരംഭിച്ച പോളിഷ് ഇന്ത്യൻ സ്റ്റാർട്ടപ്പിലെ ബിയർ ബ്രാൻഡായ 'മലയാളി' യ്ക്ക് ആഗോള അംഗീകാരം. ലാഗർ വിഭാഗത്തിൽ സ്വർണവും നോൺ ആൽക്കഹോളിക് ചെക്ക് സ്റ്റൈൽ ഇനത്തിൽ വെങ്കല മെഡലുമാണ് ബ്രാൻഡ് സ്വന്തമാക്കിയത്. യു കെയിലെ നോർവിച്ചിൽ നടന്ന ചടങ്ങിൽ കമ്പനി പ്രമോട്ടർമാരായ ചന്ദ്രമോഹൻ നെല്ലൂരും സർഗേവ് സുകുമാരനും അവാർഡുകൾ സ്വീകരിച്ചു. ബിയർ ഉത്പാദന വിപണന മേഖലകളിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ലോകപ്രശസ്ത ബിയർ ബ്രാൻഡുകളെ പിന്തള്ളി കൊണ്ടാണ് വെറും മൂന്നു വയസ്സു മാത്രം പ്രായമുള്ള മലയാളിക്ക് ഈ നേട്ടം കൈ



വരിക്കാനായത് എന്നതും അംഗീകാരത്തിൻറെ മാറ്റുകൂട്ടുന്നു. റഷ്യ ഉക്രൈൻ സംഘർഷം മൂലം ഉണ്ടായ ലോജിസ്റ്റിക് പ്രതിസന്ധിയെ തുടർന്ന് സുഹൃത്തുക്കളായ ഇരുവരും കൂടി 2022 ൽ പോളണ്ടിൽ കമ്പനി രൂപീകരിക്കാനുണ്ടായ സാഹചര്യവും ഏറെ കൗതുകം ഉണർത്തുന്ന സംഭവമാണ്. മൂന്നുവർഷങ്ങൾകൊണ്ട് പോളണ്ടിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഇന്ത്യൻ ബ്രാൻഡായി മാറിയ മലയാളി ഇപ്പോൾ ലോകത്തിലെ തന്നെ ഏറ്റവും മികച്ച ലാഗറുകളിൽ ഒന്നായിക്കൂടി വളർന്നു കഴിഞ്ഞു. ഇന്ത്യ ഉൾപ്പെടെ 21 രാജ്യങ്ങളിലെ വിപണികളിൽ ഈ മലയാളി പാനീയം ലഭ്യമാണ്. ഇന്ത്യൻ സംരംഭകത്വ മനോഭാവവും പോളിഷ് നിർമ്മാണ വൈദഗ്ധ്യവും സംയോജിപ്പിക്കുന്ന ബ്രാൻഡിന്റെ അതുല്യമായ വിജയ ഗാഥ ബിയർ പ്രേമികളെയും റസ്റ്റോറൻറ് നടത്തിപ്പുകാരെയും ഒരുപോലെ ആകർഷിക്കാൻ കഴിഞ്ഞെന്നും വിദേശ മണ്ണിലും വിജയം കൈവരിച്ച് ലോക ശ്രദ്ധ നേടാനാകുമെന്നതിന്റെയും തെളിവ് കൂടിയയാണ് ഈ അന്താരാഷ്ട്ര ബഹുമതിയെ കാണുന്നതെന്നും ചന്ദ്രമോഹനും സർഗവും പറഞ്ഞു.

# ആറ് ഇങ്ക് ടാങ്ക് പ്രിന്ററുകൾ പുറത്തിറക്കി ബ്രദർ ഇന്റർനാഷണൽ ഇന്ത്യ

**ന്യൂഡൽഹി:** പ്രമുഖ ഇലക്ട്രോണിക്സ് സാങ്കേതികവിദ്യാ കമ്പനിയായ ബ്രദർ ഇന്റർനാഷണൽ ഇന്ത്യ ഉയർന്ന കാര്യക്ഷമതയുള്ള ഇങ്ക് ടാങ്ക് പ്രിന്ററുകളുടെ ആറ് പുതിയ ശ്രേണി പുറത്തിറക്കി. കോംപാക്റ്റ് ഡിസൈൻ, ഓട്ടോ ഡ്യൂപ്ലെക്സ് പ്രിന്റിംഗ്, മൊബൈൽ, വയർലെസ് കണക്റ്റിവിറ്റി, ഉയർന്ന നിലവാരമുള്ള ഔട്ട്പുട്ട്, ക്ലിയർ ഡിസ്പ്ലേ പാനലുകൾ, സ്പിൽഫ്രീ റീഫിൽ സാങ്കേതികവിദ്യ തുടങ്ങിയ ഫീച്ചറുകളോടെയാണ് പ്രിന്ററുകൾ വിപണിയിലിറങ്ങുന്നത്.

ഇന്ത്യൻ വിപണിയിൽ റിമോട്ട് ലേണിംഗ് ടൂളുകൾക്കുള്ള ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുറഞ്ഞ വില, ഉപയോഗിക്കാനുള്ള എളുപ്പം, കണക്റ്റിവിറ്റി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് പ്രിന്ററുകളുടെ ശ്രേണി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ബ്രദർ ഇന്റർനാഷണൽ ഇന്ത്യ മാനേജിംഗ് ഡയറക്ടർ അലോക് നിഗം പറഞ്ഞു. പുതിയ ഇങ്ക് ടാ




ങ്ക് പ്രിന്ററുകൾ ബ്രദറിന്റെ അംഗീകൃത ചാനൽ പങ്കാളികളുടെ ശൃംഖല, ബ്രാൻഡ് ഷോറൂമുകൾ, ഇന്ത്യയിലുടനീളമുള്ള പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയിൽ ലഭ്യമാകും. 2026ഓടെ ബ്രദറിന്റെ ഇങ്ക്ടാങ്ക് പ്രിന്റർ വിഹിതം 8% ൽ നിന്ന് 25% ആയി ഉയർത്താനും ടയർ 2, ടയർ 3 നഗരങ്ങളിൽ പ്രവർത്തനം വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു.

ബ്രദർ ഗ്രൂപ്പിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട വിപണികളിലൊന്നായ ഇന്ത്യയിൽ എല്ലാ സെഗ്മെന്റുകളിലുമുള്ള ആധുനിക പ്രിന്റിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ഈ പുതിയ ശ്രേണി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇന്ത്യൻ കുടുംബങ്ങൾക്കും പ്രൊഫഷണലുകൾക്കും ബിസിനസുകൾക്കും ഒരുപോലെ മികച്ച പ്രകടനം, കാര്യക്ഷമത, മൂല്യം എന്നിവ ഈ ഉപകരണങ്ങൾ ഉറപ്പുനവരുത്തുന്നതായും അദ്ദേഹം വ്യക്തമാക്കി.

# സാത്വിക് ഗ്രീൻ എനർജി ലിമിറ്റഡ് ഐപിഒ സെപ്തംബർ 19 മുതൽ

**കൊച്ചി:** സാതിക് ഗ്രീൻ എനർജി ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 സെപ്തംബർ 19 മുതൽ 23 വരെ നടക്കും. ഐപിഒയിലൂടെ 900 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 700 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 200 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 442 രൂപ മുതൽ 465 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 32 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 32 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കുള്ള വിഭാഗത്തിൽ ഓഹരി ഒന്നിന് 44 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, അംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കൊച്ചി മെട്രോ ഫീഡർ ബസ് ഇനി ഇൻഫോപാർക്ക് ഫേസ് ടൂവിലേക്കും

**കൊച്ചി:** കളമശേരിയിൽ നിന്ന് നേരിട്ട് ഇൻഫോപാർക്കിലേക്കുള്ള കൊച്ചി മെട്രോ ഇ ഫീഡർ ബസ് സർവീസ് ഇൻഫോ പാർക്ക് ഫേസ് ടുവിലേക്ക് നീട്ടുകയും സർവ്വീസുകളുടെ എണ്ണം കൂട്ടുകയും ചെയ്തു. കളമശേരി മെട്രോ സ്റ്റേഷനിൽ നിന്ന് രാവിലെ 7.50, 8.10, 9.01 എന്നീ സമയങ്ങളിലും ഉച്ചയ്ക്ക് 2.42 നുമാണ് നേരിട്ട് ഫേസ്2 വിലേക്ക് സർവ്വീസ്. ഇത് കൂടാതെ കളമശേരിയിൽ നിന്ന് 7.10 ന് കാക്കനാട് വാട്ടർമെട്രോയിലേക്കും 7.30, 12.59 വൈകിട്ട് 6.29 എന്നീ സമയങ്ങളിൽ ഇൻഫോപാർക്ക് ഫേസ് 1 ലേക്കും സർവ്വീസുണ്ട്. ഫേസ് 2 ൽ നിന്ന് രാവിലെ 8.48, 9.14, 9.33, 9.56, 3.11, 3.41, വൈകിട്ട് 4.45, 5.00, 6.15 എന്നീ സമയങ്ങളിൽ ഫേസ് 1 ലേക്കും അവിടെ നിന്ന് 10.59, 12.44, വൈകിട്ട് 5.30. 5.50, 6.30, 7.25, 7.52 എന്നീസമയങ്ങളിൽ വാട്ടർ മെട്രോയിലേക്കും കളമശേരിയിലേക്കും സർവ്വീസുണ്ട്. വൈകിട്ട് 6.15 ന് ഫേസ് 2 ൽ നിന്ന് കളമശേരിയിലേക്ക് നേരിട്ട് സർവീസുമുണ്ട്. വിവിധ സ്ഥാപനങ്ങളിലായി ഏകദേശം 14,000 ഐറ്റി പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന ഇൻഫോപാർക്ക് ഫേസ് ടു വിലേക്കുള്ള ബസ് സർവ്വീസ് ഈ മേഖലയിലെ യാത്രാക്ലേശത്തിനും ഒരു പരിധിവരെ പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# പുതിയ സിംഗിൾ ഡോർ ഫ്രിഡ്ജ് ശ്രേണിയുമായി സാംസങ്

**കൊച്ചി:** പുതിയ സിംഗിൾ ഡോർ റഫ്രിജറേറ്റർ ശ്രേണി അവതരിപ്പിച്ച് സാംസങ്. 183 ലിറ്റർ ശേഷിയിലുള്ള എട്ട് പുതിയ മോഡലുകളാണ് പുറത്തിറക്കുന്നത്. ബെഗോണിയ, വൈൽഡ് ലിലി എന്നീ രണ്ട് പൂക്കൾ ആസ്പദമാക്കിയ ഡിസൈൻ മാതൃകകൾ ചുവപ്പ്, നീല നിറങ്ങളിൽ ലഭ്യമാണ്. ത്രീ സ്റ്റാർ, ഫൈവ് സ്റ്റാർ എൻർജി റേറ്റിങ്ങോടുകൂടിയ ഇവ സ്റ്റൈലും ദീർഘായുസും ഒരുമിച്ച് വാഗ്ദാനം ചെയ്യുന്നു. പുതിയ ഫ്രിഡ്ജുകൾ ആധുനിക ഇന്ത്യൻ വീടുകളിലെ അടുക്കളകളുടെ സൗന്ദര്യം കൂട്ടാനായി രൂപകല്പന ചെയ്തതാണ്. സ്റ്റൈലൻ ഡോർ ഡിസൈൻ, ബാർ ഹാൻഡിൽ എന്നിവ പ്രീമിയം ലുക്ക് നൽകുന്നു. ഇന്ത്യൻ ഉപഭോക്താക്കൾ സ്റ്റൈലിനും കരുത്തിനും ഒരുപോലെ പ്രാധാന്യം നൽകുന്നുവെന്നും ഫ്ളോറൽ ഡിസൈൻ മോഡലുകൾ തങ്ങളുടെ സിംഗിൾ ഡോർ വിറ്റുവരവിന്റെ 70 ശതമാനത്തിന് മുകളിൽ സംഭാവന ചെയ്യുന്നുവെന്നും സാംസങ് ഇന്ത്യയിലെ ഡിജിറ്റൽ അപ്ലയൻസസ് വിഭാഗം വൈസ് പ്രസിഡന്റ് ഘുഫ്രാൻ ആലം പറഞ്ഞു. പ്രായോഗികമായ നിരവധി സവിശേഷതകളും പുതിയ ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 20 വർഷത്തെ വാറന്റിയുള്ള ഡിജിറ്റൽ ഇൻവർട്ടർ കമ്പ്രസർ ശബ്ദരഹിതവും കുറഞ്ഞ വൈദ്യുതി ഉപയോഗവുമുള്ള പ്രവർത്തനം ഉറപ്പാക്കുന്നു. സ്റ്റബിലൈസർഫ്രീ ഓപ്പറേഷൻ മൂലം വൈദ്യുതി മാറ്റങ്ങൾ സംഭവിച്ചാലും ഫ്രിഡ്ജ് സുരക്ഷിതമായി പ്രവർത്തിക്കും. അകത്തെ എൽഇഡി ലൈറ്റ് കൂടുതൽ പ്രകാശവും കുറഞ്ഞ വൈദ്യുതി ചെലവും ഉറപ്പു നൽകുന്നു. 175 കിലോ വരെ ഭാരം താങ്ങുന്ന ടഫൻഡ് ഗ്ലാസ് ഷെൽഫ് ഭാരമുള്ള പാത്രങ്ങളും സുരക്ഷിതമായി വയ്ക്കാൻ സഹായിക്കുന്നു. ചില മോഡലുകളിൽ ഉള്ള 11.8 ലിറ്റർ ബേസ് സ്റ്റാൻഡ് ഡ്രോയറിൽ ഉള്ളി, ഉരുളക്കിഴങ്ങ് പോലുള്ള സാധനങ്ങൾ സൂക്ഷിക്കാം. ത്രീ സ്റ്റാർ മോഡലുകൾക്ക് 19,999 രൂപ മുതലും ഫൈവ് സ്റ്റാർ മോഡലുകൾക്ക് 21,999 രൂപ മുതലുമാണ് വില. സ്റ്റൈലിഷ് ഡിസൈനും ദീർഘായുസുള്ള പ്രവർത്തനവും ഒരുമിച്ച് നൽകിക്കൊണ്ട് ഇന്ത്യൻ വീടുകളുടെ ദൈനംദിന ജീവിതം കൂടുതൽ എളുപ്പമാക്കുകയാണ് സാംസങ് ലക്ഷ്യമിടുന്നത്.






# മെഡി മീഡിയ : ദേശീയ ആരോഗ്യ മാധ്യമ ഉച്ചകോടി കൊച്ചിയിൽ

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ് ആസ്റ്റർ മെഡ്സിറ്റി, ഐ എം എ കൊച്ചി എന്നിവരുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന നാഷണൽ ഹെൽത്ത് ജേർണലിസം സമ്മിറ്റ് 20, 21 തീയതികളിൽ കൊച്ചിയിൽ നടക്കും. കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന ഉച്ചകോടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന മുപ്പതിലേറെ മാധ്യമപ്രവർത്തകർ പങ്കെടുക്കും.

20 ന് രാവിലെ പത്തരയ്ക്ക് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉച്ചകോടി ഉദ്ഘാടനം ചെയ്യും. എറണാകുളം പ്രസ്ക്ലബ് പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷത വഹിക്കും. ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് ആമുഖ പ്രസംഗം നടക്കും. എം പിമാരായ ബെന്നി ബഹനാൻ, ഹൈബി ഈഡൻ, ടി ജെ വിനോദ് എം.എൽ.എ എന്നിവർ പങ്കെടുക്കും. പ്രസ്ക്ലബ് സെക്രട്ടറി എം ഷജിൽകുമാർ സ്വാഗതവും ഐ എം എ പ്രസിഡന്റ് ഇലക്റ്റ് ഡോ. അതുൽ മാനുവൽ നന്ദിയും പറയും.

തുടർന്ന് നടക്കുന്ന വിവിധ സെഷനുകളിൽ 'പ്രിസ്ക്രൈബിങ് ദി റൈറ്റ് ഡോസേജ്', സെക്കൻഡ് വിക്ടിം, നാവിഗേറ്റിങ് ഗ്രേ സോൺസ്, ഹീൽ ഇൻ ഇന്ത്യ, ഇന്റർസെക്ഷൻ ഓഫ് എ ഐ, ലേർണിംഗ് ഫ്രം കോവിഡ് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആരോഗ്യ, നിയമ, മാധ്യമ മേഖലയിലെ വിദഗ്ദ്ധർ ചർച്ചകളിൽ പങ്കെടുക്കും. വൈകിട്ട് നാലരയ്ക്ക് നടക്കുന്ന ഫയർ സൈഡ് ചാറ്റിൽ പത്മഭൂഷൺ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപ്പുറം ചികിത്സാ രംഗത്തെ അനുഭവങ്ങൾ പങ്ക് വെയ്ക്കും.

ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രതിനിധികൾ 21 ഞായറാഴ്ച രാവിലെ ഏഴ് മണിക്ക് നഗരത്തിലെ പ്രമുഖർക്കൊപ്പം മറൈൻ ഡ്രൈവിൽ ഹെൽത്തി സ്റ്റെപ്സ് അറ്റ് മറൈൻ ഡ്രൈവ് എന്ന പേരിൽ പ്രഭാത നടത്തത്തിലും പങ്കാളികളാകും. അബ്ദുൾ കലാം മാർഗിൽ നിന്ന് പ്രഭാത നടത്തം ആരംഭിക്കും. 21 ന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. കൊച്ചി മേയർ എം അനിൽകുമാർ മുഖ്യാതിഥിയാകും. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫിസർ ഡോ. ഷുഹൈബ് ഖാദർ, ഐ എം എ കൊച്ചിൻ സെക്രട്ടറി ഡോ. സചിൻ സുരേഷ്, എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ. ഗോപകുമാർ, സെക്രട്ടറി എം ഷജിൽ കുമാർ എന്നിവർ പങ്കെടുത്തു.



# വർക്കലയിൽ കിംസ് ഹെൽത്തിന്റെ മെഡിക്കൽ സെന്റർ തുറന്നു

**തിരുവനന്തപുരം:** മെഡിക്കൽ സെന്റർ ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി വർക്കലയിൽ പുതിയ മെഡിക്കൽ സെന്റർ ആരംഭിച്ച് കിംസ്ഹെൽത്ത്. കിംസ്ഹെൽത്തിന്റെ ഏഴാമത്തെ മെഡിക്കൽ സെന്ററാണിത്. അടൂർ പ്രകാശ് എംപി മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. നഗര, ഗ്രാമ വ്യത്യാസമില്ലാതെ ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ ഏവർക്കും ഉറപ്പാക്കുന്നതിനായുള്ള കിംസ്ഹെൽത്തിന്റെ പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനാർഹമാണെന്ന് സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ അടൂർ പ്രകാശ് പറഞ്ഞു. നഗരങ്ങളിലേതിന് സമാനമായി ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്കും കൃത്യമായ ആരോഗ്യപരിചരണം ലഭ്യമാക്കുവാൻ ഇത്തരം പദ്ധതികളിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ജനറൽ സർജറി, പീഡിയാട്രിക്സ്, ഇഎൻടി, ഗൈനക്കോളജി വിഭാഗങ്ങൾക്കു പുറമേ ഫാർമസി, ഹോം കെയർ തുടങ്ങിയ സേവനങ്ങളും പുതിയ മെഡിക്കൽ സെന്ററിൽ ലഭ്യമാകും. നിലവിൽ വർക്കലയ്ക്ക് പുറമേ, പോത്തൻകോട്, അയൂർ, ആറ്റിങ്ങൽ, കമലേശ്വരം, കുറവങ്കോണം, വട്ടിയൂർക്കാവ് എന്നിവിടങ്ങളിൽ കിംസ്ഹെൽത്ത് മെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കിംസ്ഹെൽത്ത് സഹസ്ഥാപകൻ ഇ.എം നജീബ് മുഖ്യപ്രഭാഷണം നടത്തി. മുൻ എം.എൽ.എ വർക്കല കഹാർ, വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത സുദർശൻ, സിനിമതാരം മാല പാർവതി എന്നിവർ സംസാരിച്ചു. കിംസ്ഹെൽത്ത് ക്ലിനിക്കൽ ഡയറക്ടർ ഡോ. ബി. രാജൻ, കിംസ്ഹെൽത്ത് കൊല്ലം സിഇഒ ഡോ. പ്രിൻസ് വർഗീസ് എന്നിവരും ചടങ്ങിന്റെ ഭാഗമായി. കിംസ്ഹെൽത്ത് സിഇഒ ജെറി ഫിലിപ്പ് സ്വാഗതവും ഇന്റേണൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഷാജി മുഹമ്മദ് ഹനീഫ നന്ദിയും രേഖപ്പെടുത്തി.

# മഗരിയുടെ നാലാമത്തെ സ്റ്റോർ കൊച്ചിയിൽ തുറന്നു



**കൊച്ചി:** ലൈഫ്സ്റ്റൈൽ ബ്രാൻഡായ മഗരി കൊച്ചിയിലുമെത്തി. കൊച്ചി ചിറ്റൂർ റോഡിലെ പാപ്പാളി ഹൗസിലാണ് സ്റ്റോർ ആരംഭിച്ചിരിക്കന്നത്. ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ എന്നിവിടങ്ങളിലെ സ്റ്റോറുകൾക്കു ശേഷം ദക്ഷിണേന്ത്യയിലെ ബ്രാൻഡിന്റെ നാലാമത്തെ ഔട്ട്ലെറ്റാണ് കൊച്ചിയിൽ തുടങ്ങിയത്. ബാംഗ്ലൂരിൽ 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഉൽപാദന കേന്ദ്രവും, പാൻ ഇന്ത്യൻ സേവനത്തിനായി പുതിയ ഒരു ഇകൊമേഴ്സ് പ്ലാറ്റ്ഫോമും ഇതോടൊപ്പം ആരംഭിച്ചു. കൊച്ചിയിലും പരിസരത്തമുള്ള ഒട്ടേറെപ്പേർക്ക് സ്വഭാവികമായും മഗരിയുടെ ഉൽപ്പന്നങ്ങൾ അവരുടെ ജീവിതത്തിന്റെ ഭാഗമാകുമെന്ന് ഉറപ്പുണ്ടെന്ന് സ്ഥാപക പങ്കാളിയും ഡയറക്ടർ ഓപ്പറേഷൻസുമായ കരുൺ മാത്യു പറഞ്ഞു. രൂപകൽപ്പനയിൽ ഊന്നിയതും ഉന്നത ഗുണനിലവാരമുള്ളതുമായ മഗരിയുടെ പീസുകൾ ഉയർന്ന മൂല്യം പേറുമ്പോൾ തന്നെ വൈവിധ്യമാർന്ന ഇന്ത്യൻ വീടുകൾക്ക് അനുയോജ്യമായ രീതിയിലുള്ളവയാണെന്ന് മറ്റൊരു സ്ഥാപക പാര്ട്ണറും പ്രൊഡക്ഷൻ ഡയറക്ടറുമായ വിശാൽ വാധ്വ പറഞ്ഞു. 9,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റോറിന്റെ മധ്യഭാഗത്ത് മെറ്റീരിയലുകൾ നേരിട്ടു പരിശോധിച്ച് തെരഞ്ഞെടുക്കാൻ സാധിക്കുന്ന ഒരു മെറ്റീരിയൽ എക്സ്പ്ലോറേഷൻ ടേബിൾ സ്ഥാപിച്ചിട്ടുണ്ട്. ഉൻമേഷ് ദസ്തകീറിന്റെ മൈകൈൻഡ്, ജാഗൃതി ഫുകന്റെ വേ ഓഫ് ലിവിംഗ് സ്റ്റുഡിയോയുമായും സഹകരിച്ച് രൂപകൽപ്പന ചെയ്ത ഫാബ്രിക് പാനലുകളാണ് മറ്റൊരു സവിശേഷത. സുതാര്യമായ ഗ്ലാസ് ഭിത്തികളും ചരിഞ്ഞ മേൽക്കൂരകളും കുഴിഞ്ഞ സ്ലാബുകളും ചെറിയ ജനാലകളും വീടിന്റെ യഥാർത്ഥ ഘടനയെ നിലനിർത്തുന്നതിലും മുന്നോട്ടു കൊണ്ടുപോകുന്നതിലും സഹായിക്കുന്നു. ദശാബ്ദങ്ങളോളം തനതു സ്വഭാവം നിലനിർത്തുന്ന വിവിധതരം കല്ലുകൾ, തുണിത്തരങ്ങൾ, തടികൾ, ലോഹങ്ങൾ തുടങ്ങിയവയാണ് നിർമാണത്തിലുപഗയോഗിക്കുന്നതെന്നും അങ്ങനെയാണ് മഗരിയുടെ ഫർണിച്ചർ ഓരോ വീടിനും അനുയോജ്യമായി മാറുന്നതെന്ന് സ്ഥാപക പാർട്ണറും ഡയറക്ടറുമായ അമിത മദൻ പറഞ്ഞു.

